**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **15-10-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | രാമമംഗലം ഗ്രാമപഞ്ചായത്തിലെ മെതിപാറ നമ്പർ 2 ലിഫ്റ്റ് ഇറിഗേഷനിലെ വൈദ്യുതി വിച്ഛേദിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട് . എല്ലാ മാസവും വൈദ്യുതി വിച്ഛേദന തീയതിക്ക് ശേഷവും കുടിശ്ശിക നിലനിൽക്കുന്ന ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കാനാണ് നിർദ്ദേശം നൽകി വരുന്നത് . കുടിശ്ശിക തുക കൂടുതൽ ആയതിനാലാണ് മെതിപാറ നമ്പർ 2 ലിഫ്റ്റ് ഇറിഗേഷനിലെ വൈദ്യുതി കണക്ഷൻ 20.05.2024-ൽ വിച്ഛേദിച്ചത്. |
| (ബി) | പ്രസ്തുത കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത മൈനർ ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കണമെന്ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രി 19152/VIP/M(WR)/2024 നമ്പരായുള്ള കത്ത് മുഖേന ആവശ്യപ്പെടുകയും, ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം, ടി പദ്ധതികളുടെ വൈദ്യുതി കണക്ഷൻ 04.10.2024-ന് അകം പുനസ്ഥാപിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഭീമമായ കുടിശിക കാരണമാണോ വൈദ്യുതി വിച്ഛേദിച്ചിരിക്കുന്നത് : എങ്കിൽ ഇത്രയും കുടിശ്ശിക ആകാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഭീമമായ കുടിശ്ശിക കാരണമാണ് പ്രസ്തു പദ്ധതിയുടെ വൈദ്യുതി കണക്ഷ വിച്ഛേദിച്ചത്. സാധാരണ ഗതിയി വൈദ്യുതി കുടിശ്ശികയുള്ള, കുടിവെള്ള പദ്ധതികൾ ഒഴികെയുള്ള അത്യാവശ സേവനങ്ങൾ അല്ലാത്തതും, കോടതിയി വ്യവഹാരങ്ങളില്ലാത്തതുമായ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റു തുടങ്ങിയ നടപടികൾ സ്വീകരിക്കുകയു അതിനു ശേഷം ഉപഭോക്താക്കളു സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറ നടപടികൾക്കായി ശിപാർശ നൽകുകയു ചെയ്താണ് കുടിശ്ശിക കെ.എസ്.ഇ.ബി.എ ഈടാക്കി വരുന്നത്. എന്നാൽ വൈദ്യുത ചാർജ്ജ് കുടിശ്ശിക ക്രമാതീതമായ വർദ്ധിച്ചതോടെ, അനന്തര നടപടിക |

| | | | |
|---|---|---|---|
| | | | സ്വീകരിക്കാൻ ബോർഡ നിർബന്ധിതമാവുകയും, കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷന നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കണക്ഷനിൽ കുടിശ്ശികയായി നിൽക്കുന്ന തുക നിയമപ്രകാരം അടയ്ക്കേണ്ടതാണ്. യഥാസമയ കറണ്ട് ചാർജ്ജ് അടയ്ക്കാതെ വന്നതിനാലാണ കുടിശ്ശിക നിലനിൽക്കുന്നത്. പഴയ കാല കുടിശ്ശികയും, ആയതിന്റെ പലിശയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ഭീമമായ കുടിശ്ശിക കാരണമാണ് വൈദ്യുതി വിച്ഛേദിച്ചിരുന്നെങ്കിലും വകുപ്പ് തല നിർദ്ദേശ പ്രകാരം വൈദ്യുതി കണക്ഷന പുന:സ്ഥാപിക്കുകയാണ് ഉണ്ടായത പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കാത്തത കാരണമാണ് കുടിശ്ശിക ആയത്. വൈദ്യുത ചാർജ്ജ് പ്രതിമാസം തന്നെ ഒടുക്കുവാൻ വകുപ്പ് തല ചർച്ചയിൽ ധാരണയായിട്ടുണ്ട്. |
| (ഡി) | വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കെ.എസ്.ഇ.ബി.എൽ-ൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് കൃഷി ആവശ്യം ഉൾപ്പെടെയുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നത്. ആകയാൽ കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇല്ലായ്മയാണ് ഇത്തരത്തിലുള്ള പ്രതിസന്ധിക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധികൾ മറികടക്കുന്നതിനായി വകുപ്പുതലത്തിൽ ഏകോപനം നടത്തി പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഇ) | ഇല്ല. വൈദ്യുതി ചാർജ്ജ് കുടിശ്ശിക ക്രമാതീതമായി വർധിച്ചതോടെ നടപടികൾ സ്വീകരിക്കാൻ ബോർഡ് നിർബന്ധിതമാവുകയും, കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസുകൾ നൽകുകയും കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കുടിശ്ശികയായി നിൽക്കുന്ന തുക നിയമപ്രകാരം അടയ്ക്കേണ്ടതാണ്. യഥാസമയം ഉപഭോക്താക്കൾ കറണ്ട് ചാർജ്ജ് അടയ്ക്കാതെ വന്നതിനാലാണ് കുടിശ്ശിക നിലനിൽക്കുന്നത്. വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും മറ്റും പരിഹരിക്കുന്നതിന് നിലവിൽ സർക്കാരിൽ സംവിധാനം ഉണ്ട്. ആയത് മുഖേന വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾക്ക് പരിഹാരം കണ്ടുവരുന്നു. കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ/ പ്രതിസന്ധികൾ മന്ത്രിതല യോഗങ്ങളിൽ അഭിസംബോധന ചെയ്യുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും കൂടി ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ